ഹുസൈൻ രണ്ടത്താണി

അരിശം താജ് മഹലിനോടും

ദേഷ്യമുണ്ടെങ്കിൽ കരിങ്കല്ല് കടിച്ചോ എന്ന് പറയാറുണ്ട്. കേട് കരിങ്കല്ലിനല്ല; അവനവന്റെ പല്ലിന് തന്നെ. യു.പി മുഖ്യ മന്ത്രി യോഗീ ആദിത്യ നാഥിന്റെ യോഗം അങ്ങനെയാണ്. വർഗ വിദ്വേഷം മൂലം മനസ്സു മരവിച്ചവരാണ് താനും കൂടെയുള്ള യോഗ്യൻമാരും. ഗോ രക്ഷകരെ വച്ച് നരഹത്യ തുടരുമ്പോഴാണ് ശിശു ഹത്യ കേറിപ്പിടിച്ചത്. ജീവിതത്തിലൊരിക്കലും കേരളം കാണാത്ത യോഗി ഇവിടുത്തെ വെടിപ്പും വൃത്തിയും കണ്ടപ്പോൾ ഒരു ഗ്ലാസ് സാമ്പാരം കുടിച്ച് തടി തപ്പി. യു.പിയിൽ ആറെസ്സെസ്സിന്റെ തിട്ടൂരം വാങ്ങി ഭരണം നടത്തിയപ്പോഴാണ് രാജ്യം ചാവാലികളായ കാലികളെക്കൊണ്ട് നിറയുന്നത്. കാലി മാംസത്തിന്റെ ഇനത്തിൽ ലഭിച്ചിരുന്ന ലാഭവും നഷ്ടപ്പെട്ടു. പിന്നെയുള്ള നല്ലൊരു വരുമാനം ടൂറിസം വഴിയാണ്. ടൂറിസം മന്ത്രി റീത്താ ബഹുഗുണ ആറെസ്സെസ്സ് പറഞ്ഞത് കേട്ട് ടൂറിസം ഭൂപടത്തിൽ നിന്ന് താജ്മഹൽ ഒഴിവാക്കി. അതിനെ ആരോ വിമർശിച്ചെന്ന് കേൾക്കേണ്ട താമസം; മുമ്പ് മുസഫർ നഗർ കലാപത്തിന് നേതൃത്വം കൊടുത്ത ഒരു കിരാതൻ എം.എൽ.എ താജ് മഹൽ അക്രമികളുണ്ടാക്കിയതാണെന്ന് പറഞ്ഞു. ചരിത്രത്തിൽ അപാര വിവരമുണ്ടെന്ന് നടിച്ചു കൊണ്ട് താജ് മഹലുണ്ടാക്കിയ ഷാജഹാൻ ചക്രവർത്തി അച്ഛനെ തടവിലാക്കിയ ആളാണെന്നും തട്ടി വിട്ടു. ആകെ പൊല്ലാപ്പിലായ യോഗീ തിരുമേനി ഇത്രേം വേണ്ടിയിരുന്നില്ല എന്നത് കൊണ്ട് വീണേടം ഉരുളുന്ന ശയന പ്രദക്ഷിണം നടത്തി മുഖം രക്ഷിക്കുകയാണ്. താജ് മഹൽ ഇന്ത്യക്കാരായ അനേകം തൊഴിലാളികളുടെ വിയർപ്പിൽ നിന്നുണ്ടായതാണെന്നും ആര് നിർമിച്ച് എന്നത് പ്രശ്നമല്ലെന്നും ആ തിരുനാവിൽ നിന്ന് കേൾക്കാൻ കഴിഞ്ഞു.

**താജ് മഹൽ രാജ്യത്തിന്റേതാണ്**

താജ് മഹലിനോട് ബി.ജെ.പി കാണിക്കുന്ന അരിശം അത് നിർമിച്ചത് മുസ്‌ലിംകളാണ് എന്നത് കൊണ്ടാണ്. താജ് മഹൽ കാണാൻവരുന്നവരിൽ എല്ലാ ജാതി മതക്കാരുമുണ്ട്. കാണാൻ വരുന്നവരെ മുസൽമാനോ ഹിന്ദുവോ എന്ന് ആരും തുണി പൊക്കി നോക്കുന്നില്ല. ഭാരതത്തിന്റെ പേര് വിശ്വമെങ്ങും ഉയർത്തുന്ന ആ മഹാ സൗധം രാജ്യത്തിന്റെ അഭിമാനമാണ്. ഹിന്ദുവിനും മുസൽമാനും ഒരു പോലെ അതിൽ അഭിമാനിക്കാം. അതിന്റെ വരുമാനം ഈ രാജ്യത്തിന്റെ പൊതു ഖജനാവിലേക്കുള്ളതാണ്. അതുണ്ടാക്കിയത് ഇന്ത്യയുടെ സ്വത്തുപയോഗിച്ചാണ്. അതിന് വേണ്ടി പണിയെടുത്തത് നാനാ ജാതിക്കാരുമടങ്ങുന്ന ഇന്ത്യക്കാർ തന്നെയാണ്. ഏഴാമത്തെ അദ്ഭുതമായി ചരിത്രം കുറിച്ചു വച്ച താജ്മഹലിനോട് രോഷം തോന്നണമെങ്കിൽ അയാളുടെ ഹൃദയം എത്ര മാത്രം പരുത്തതാവണം. മുസൽമാനോട് അരിശം തീർക്കാൻ താജ് മഹൽ വെട്ടിയാൽ മാത്രം മതിയോ? ഇന്ത്യയെ ശോഭനമാക്കുന്ന എത്രയെത്ര മന്ദിരങ്ങൾ വെട്ടി മാററണം. ആഗ്രയിലും ഡൽഹിയിലും ഫത്തേപൂർ സിക്രിയിലും, ഗുജറാത്തിലും, ബഗാളിലും, മാൾവയിലും, ജോൻപൂരിലും, ഹൈദരാബാദിലും, കശ്മീരിലൊക്കെയായി നൂറുകണക്കിന് സൗധങ്ങളെ മുസ്‌ലിം വിരോധത്തിന്റെ പേരിൽ വെട്ടി മാററിയാൽ എന്ത് കുന്തമാണ് ഈ രാജ്യത്ത് കാണാനുള്ളത്? കൊല്ലം തോറും സ്വാതന്ത്ര്യദിനത്തൽ ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യ ദിനാഘോഷത്തെ പ്രഭാമയമാക്കുന്ന ചെങ്കോട്ടയും അതിഥി മന്ദിരമായ ഹൈദരാബാദ് ഹൗസും ജമാമസ്ജിദുമൊക്കെ വെട്ടി മാററണ്ടേ? ഇന്ത്യയുടെ കീർത്തിക്കും സംസ്കൃതിക്കും മകുടം ചാർത്തുന്ന ആ കുംഭഗോപുരങ്ങളല്ലാതെ എന്താണ് നമുക്ക് പറയാനുള്ളത്? അശോകന്റെ തൂണുകളും പഴയ ഗുഹാ ചിത്രങ്ങളും ഏതാനും ക്ഷേത്രങ്ങളും കൊണ്ട് മാത്രം ഉണ്ടായതാണോ ഈ രാജ്യം? നമ്മുടെ പാർലമെന്റ് മന്ദിരം അക്രമികളായ ബ്രിട്ടീഷുകാരുണ്ടാക്കിയതാണ്. ആ നിലക്ക് പാർലമെന്റ് ഹൗസിന്റെ പടിയടച്ച് പിണ്ഡം വയ്ക്കുമോ?

പാകിസ്താനിൽ ഹിന്ദുക്കൾക്കും സിക്കുകാർ.ക്കും പല പുണ്യസ്ഥലങ്ങളുമുണ്ട്. അതൊക്കെ വെട്ടിക്കളയാൻ അവിടത്തെ തീവ്രവാദികളും വാദിച്ചെന്നിരിക്കും. കാരണം തീവ്രവാദികൾക്ക് കണ്ണും മൂക്കുമില്ല. ഇന്ത്യയും പാകിസ്താനും പിന്നെ തീവ്രവാദികളും ജനിക്കും മുമ്പേ ഇവിടെ സംസ്കാരമുണ്ട്. ഹിന്ദുവും മുസൽമാനും പണിതുയർത്തിയ സംസ്കൃതിയുണ്ട്. ജൈനനും ബുദ്ധനും സൂഫികളും ഭഗതുകളും ഈ രാജ്യത്തിന് വേണ്ടിയാണ് ജീവിച്ചത്. താജ് മഹൽ തമസ്കരിച്ച് ഇന്ത്യയുടെ മാനം കെടുത്തണമെന്ന് ബി.ജെ.പി മാത്രമല്ല ആഗ്രഹിക്കുന്നത്. ഇസിൽ തീവ്രവാദികളും താജ്മഹൽ ബോംബിട്ട് തകർക്കുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു. അതേ തുടർന്ന് സർക്കാർ സുരക്ഷ കർശനമാക്കി. ഇപ്പോൾ സർക്കാറും തീവ്രവാദികളോടൊപ്പം നില്ക്കുകയാവുമോ? അക്രമികളാണ് താജ്മഹലുണ്ടാക്കിയതെങ്കിൽ ഇന്ത്യയിലെ ക്ഷേത്രങ്ങളും മററും അടിമകളായ ശൂദ്രൻമാരക്കൊണ്ട് എല്ലു മുറിയെ പണി ചെയ്യിച്ചുണ്ടാക്കിയതാണ്. പാവം ദളിതരെ നൂററാണ്ടുകളോളം പീഡിപ്പിച്ചില്ലേ? ഇന്നും അക്കഥ തുടരുകയല്ലേ? അക്രമികളായ ഈ ക്ഷത്രിയരുണ്ടാക്കിയ ക്ഷേത്രങ്ങളും ഇക്കണക്കിന് രാജ്യത്തിന് അപമാനമല്ലേ? ഒരു സമുദായത്തോട് രോഷമുണ്ടെന്ന് വച്ച്

അവരുണ്ടാക്കിയ സ്മാരകങ്ങൾ തുടച്ചു നീക്കണമെന്ന് പറയുന്നവർ ബാമിയാനിലെ ബുദ്ധ വിഗ്രഹങ്ങൾ തകർത്ത താലിബാന് തുല്യരാണ്. . വെറുതെയല്ല ബി.ജെ.പിയെ ഫാഷിസ്ററുകൾ എന്ന് വിളിക്കുന്നത്.

**ചരിത്ര പീഡനം**

ചരിത്രത്തെ പീഡിപ്പിച്ചു കൊല്ലുന്ന ചില ചരിത്രകാരൻമാരെ സംഘപരിവാർ പടച്ചു വിട്ടിരുന്നു. അവർക്ക് താജ് മഹൽ വേണം. പക്ഷേ അത് മുസ്ലിംകൾ നിർമിച്ചതാകരുത്. അതിന് പേന ചുമക്കുന്ന ഓക് എന്നൊരുത്തനെ ശട്ടം കെട്ടി. അയാൾ താജ്മഹൽ ശിവക്ഷേത്രമാണെന്ന വാദം എഴുന്നള്ളിച്ചു. ഇപ്പോൾ ബാബ്രി മസ്ജിദിനെപ്പററി കെ.കെ മുഹമ്മദ് എന്നൊരു പുരാവസ്തു ഗവേഷകനെ കൂടി കിട്ടിയിരിക്കുന്നു. ബാബ്രീ മസ്ജിദ് ഹിന്ദുക്കൾക്ക് വിട്ടു കൊടുക്കരുത് എന്ന് കമ്യൂണിസ്ററുകാരാണത്രേ മുസ്ലിംകളോട് പറഞ്ഞത്. പള്ളി പൊളിച്ചാണ് ക്ഷേത്രം പണിതത് എന്ന് കൂടി കെ. കെ പറഞ്ഞപ്പോൾ ഒരുമുസൽമാനെക്കൊണ്ട് അത് പറയിപ്പിച്ചതിൽ ബി.ജെ.പിക്കാർ സന്തോഷിച്ചു. എം.ജി.എസ് നാരായണനെപ്പോലെ കമ്യൂണിസ്ററുകളോടുള്ള വിരോധം തീർക്കാൻ കെ.കെയും ബി.ജെ.പിക്കൊപ്പം നില്ക്കുകയാണ്. അലിഗഡിൽ നിന്നും ഡൽഹിയിൽ നിന്നുമാണ് ഈ കമ്യൂണിസ്ററ് വിരോധം തുടങ്ങിയത്. അക്കാര്യം ഇവിടെ വിശദീകരിക്കുന്നില്ല. ഇവരുടെ കൂട്ടത്തിലാണ് താജ്മഹലിനെ ശിവ ക്ഷേത്രമാക്കിയ ഓക് എന്നയാളും. ശിവക്ഷേത്രം എന്നർഥമുള്ള തേജോ മഹാലയ് എന്ന പേര് മുസ്ലിംകൾ താജ്മഹൽ എന്നാക്കിയതാണത്രേ. പള്ളി പൊളിച്ച് പാപം തീർക്കണമെന്ന് പറയുന്നവർ ഒരു കാര്യം കൂടി ചെയ്യട്ടെ. അധഃസ്ഥിതരായി ദുരിതമനുഭവിച്ച ദളിതരുടെ മുമ്പിൽ ബ്രാഹ്മണരും ക്ഷത്രിയരും കുമ്പിട്ടു നിന്നു കൊടുക്കട്ടെ. മതി വരുവോളം ഇവരെ ചാട്ടവാറ് കൊണ്ടടിച്ച് പ്രതിക്രിയ ചെയ്യട്ടെ. ക്ഷേത്രങ്ങൾ നിരവധി ബുദ്ധമതക്കാർക്കും ജൈനൻമാർക്കുമുള്ളതാണ്. അതൊക്കെ തിരിച്ചു കൊടുത്ത് കുമ്പസരിക്കട്ടെ

ക്രിസ്തുമസ് ഹിന്ദുക്കളുടെ ഉത്സവമാണെന്നും അത് കൃഷ്ണ മാസമാണെന്നും ഓക് തട്ടിവിട്ടിരുന്നു. ഒരു കാലത്ത് ഇററലി ഹിന്ദുക്കളുടെ കൈയിലായിരുന്നുവെന്നും ലണ്ടനിലെ വെസ്ററ് മിനിസ്ററർ ആബി ഒരു ശിവ ക്ഷേത്രമായിരുന്നു എന്ന് കൂടി ഓക് പറഞ്ഞപ്പോൾ ഇയാൾക്ക് ശരിക്കും വട്ടാണെന്ന് ബി.ജെ.പിക്ക് തന്നെ ബോധ്യപ്പെടുകയും ശിവ ശിവ എന്ന് പറഞ്ഞ് അയാളെ തള്ളുകയും ചെയ്തു. ഉത്തർ പ്രദേശ് ബി.ജെ.പിയുടെ പ്രസിഡണ്ട് ലക്ഷ്മീ കാന്ത് ബാജ്പേയി പറയുന്നത് ജയ്പാൽ എന്ന ഹിന്ദു രാജാവ് താജ് മഹൽ എന്ന ക്ഷേത്രം ഷാജഹാൻ ചക്രവർത്തിക്ക് വിററുവെന്നാണ്. സമാധാനം; പിടിച്ചെടുത്തതല്ലല്ലോ. ആറെസ്സെസ്സുകാരൻ ശങ്കർ ജെയിൻ താജ് മഹൽ ഹിന്ദുക്കളുടേതാണെന്നും അതവർക്ക് വിട്ടു കിട്ടണമെന്നും പറഞ്ഞ് ആഗ്ര കോടതിയിൽ കേസ് ഫയൽ ചെയ്തു. വേറെയും കേസുകൾ പലരായി കൊടുത്തു. താജ്ഹലിലെ ഖബറിടം നീക്കം ചെയ്ത് അവിടെ ശിവ പ്രതിമയും ലിംഗവുമൊക്കെ സ്ഥാപിക്കണം. ഇതാണാവശ്യം. പാർലിമെന്റിലുമെത്തി പ്രശ്നം. താജ് മഹൽ ശിവ ക്ഷേത്രമാണോ എന്ന ചോദ്യത്തിന് സംസ്കാരിക മന്ത്രി ഡോ. മഹേഷ് ശർമ പറഞ്ഞു: ആ വാദത്തിന് ഒരു തെളിവുമില്ല. എന്നിട്ടും ആറെസ്സെസ്സ് പണി നിറുത്തിയിട്ടില്ല.

**താജ് മഹൽ**

നാല്പത്തിരണ്ട് ഏക്കർ വിശാലമായ ഭൂമിയുടെ മധ്യത്തിലാണ് മഹലിന്റെ കിരീടം എന്നർഥമുള്ള താജ് മഹൽ നിർമിച്ചത്. മഹൽ എന്നത് ഇഷ്ട പന്തിയായ മുംതാസ് മഹലിനേയാണ് സൂചിപ്പിക്കുന്നത്. 1632ൽ തുടങ്ങി 1653ൽ പർത്തിയാക്കിയ ഈ സൗധത്തിന് ഇന്നത്തെ നിലക്ക് 527 മില്യൺ ഡോളർ ചിലവ് വരും. അഹ്മദ് ലാഹോരി എന്ന കൊട്ടാര ശില്പിയുടെ നേതൃത്വത്തിൽ ഇരുപതിനായിരം പേർ അന്ന് താജിന് വേണ്ടി വിയർപ്പൊഴുക്കി. വെളുത്ത മാർബിളിൽ തീർത്ത താജ് പൂർണ ചന്ദ്രന്റെ നിലാവിൽ ഒരപ്സര കന്യകയെപ്പോലെ നൃത്തമാടുന്നത് കാണാമെന്നാണ് ഒരു ഇംഗ്ലീഷുകാരൻ പറഞ്ഞത്. മുംതാസ് മഹൽ പൂർണ നഗ്നയായി യമുനയിൽ കുളിക്കാനിറങ്ങിയ പോലെ തോന്നും എന്ന് മറെറാരു വെള്ളക്കാരൻ. പ്രിയതമയെ ഇത്രമാത്രം സ്നേഹിച്ച ഒരു പുരുഷനും ഈ ലോകത്തില്ലെന്ന് മറെറാരു കവി. ഉർദു കവി ലുധിയാനിയുടെ വാക്കുകളിൽ "താജ് മഹൽ നിങ്ങൾക്ക് വലിയ കാര്യമാവാം. അവിടെ പാവപ്പെട്ടവർക്കെന്ത്? ഇതേക്കാൾ വിലയുണ്ട് ഈ ദരിദ്രന്റെ പ്രേമത്തിന്" (*മെരീ മഹ്ബൂബ് കഹീ ഔർ മിലാ കർ മുജ് സെ; ബസ്മെ ഷാഹീ മെം ഗരീബോം കാ ഗുസർ ക്യാ മഅ്നി*). താജ്മഹലും ചുററുമുള്ള ചുവന്ന കെട്ടിടവും മനോഹരമായ കവാടവും ചുററും പച്ചപ്പരവതാനി വിരിച്ച വിശാലമായ മുററങ്ങളും, പൈൻ മരങ്ങൾക്കിടയിൽ വിവിധ ദീപങ്ങളിൽ വർണരാജിയൊരുക്കുന്ന ജല ധാരകളും നിറഞ്ഞ താജ് ഭൂമിയിലെ സ്വർഗം പോലെ തോന്നും. സൗന്ദര്യം ആസ്വദിക്കുന്നവർക്കും ദൈവത്തിന്റെ പ്രൗഢിയെ കുറിച്ച് ചിന്തിക്കുന്നവർക്കും ആ കരവിരുതിന്റെ വിസ്മയം

കൺകുളുർക്കുന്നത് തന്നെയാണ്. ഇത് മനസ്സിലാക്കണമെങ്കിൽ സൗന്ദര്യ ബോധവും ദൈവീക വിലാസങ്ങളുടെ ആഴവും മനസ്സിലാക്കണം. ഇന്ത്യൻ സ്ത്രീത്വത്തിന്റെ പ്രതീകമാണത്. ഒപ്പം ഈ മഹാരാജ്യത്തിന് വിശ്വ പ്രശസ്തി നല്കിയ വിസ്മയവും.

**മുംതസ് മഹൽ**

മുംതസ് മഹൽ എന്ന അർജുമൻദ് ബാനു, അബുൽ ഹസൻ അസഫ് ഖാൻ എന്ന പേർഷ്യൻ പ്രഭുവിന്റെ മകളാണ്. ചക്രവർത്തി പദത്തിലേറും മുമ്പേ ഖുർറം എന്ന ഷാജഹാൻ പതിമൂന്ന് കാരി ബാനുവിനെ നിക്കാഹ് കഴിച്ചിരുന്നു. അതൊരു പ്രേമ കഥയാണ്. പക്ഷേ, പിതാവിന്റെ നിർബന്ധത്തിന് വഴങ്ങി ഒരു സഫവീ രാജകുമാരിയെ വേൾക്കേണ്ടി വന്നെങ്കിലും ബാനുവിനോടുള്ള പ്രേമം പഷ്പിച്ചു തന്നെ നിന്നു. അവരെ ഷാജഹാൻ രണ്ടാം ഭാര്യയായി സ്വീകരിച്ചു. അന്ന് തന്നെ മുംതാസ് മഹൽ എന്ന പേരും നല്കി. അന്നവർക്ക് പത്തൊമ്പത് വയസ്സ്. രാഷ്ട്രീയ കാരണങ്ങളാൽ വേറെ രണ്ട് ഭാര്യമാരെ കൂടി വേൾക്കേണ്ടി വന്നു. എന്നും ഇഷ്ടം ബാനുവിനോട് തന്നെ. മുംതസ് എന്നല്ലാതെ ഷാജഹാൻ അവരെ വിളിക്കുമായിരുന്നില്ല. ഇഷ്ടം കൂടുമ്പോൾ മാലികാ ജഹാൻ മാലികാ സമാൻ എന്നൊക്കെയും വിളിച്ചിരുന്നു. യാത്രകളിലും പടയോട്ടങ്ങളിലും അവർ ചക്രവർത്തിയെ അനുഗമിക്കും. ആഗ്ര കൊട്ടാരത്തിലെ ഖാസ് മഹലിലാണ് മുംതാസിന് വീടൊരുക്കിയത്. കണ്ണഞ്ചിക്കുന്നതാണ് ഈ കൊട്ടാരം. മുംതസിന്റെ സൗന്ദര്യത്തെ കുറിച്ച് കവികളും കഥാകാരൻമാരും എഴുതിയ വർണനകൾക്ക് കൈയും കണക്കുമില്ല. മററു ഭാര്യമാരും അത് സമ്മതിച്ചു കൊടുത്തു. ശാസനകളിലും രേഖകളിലും ഒപ്പിടാനുള്ള അവകാശവും മുംതസിനു തന്നെ. നല്ല സാമർഥ്യമുള്ളതിനാൽ ഭരണ കാര്യങ്ങളിൽ വലിയ സഹായമായി. അതോടൊപ്പം പാവപ്പെട്ടവരോടും കവികളോടും വളരേ സ്നേഹമായിരുന്നു. നന്നായി ദാനം ചെയ്യും. ദാരയും അവ്റംഗസേബും ജഹാൻ ആരയുമടങ്ങുന്ന പതിനാല് ക്കൾക്ക് മുംതസ് ജന്മം നല്കി. ഏഴ് ആൺ മക്കളും ഏഴ് പെൺ മക്കളും. ആറ് പേർ അകാലത്തിലേ മരിച്ചു.

ഡക്കാനിലെ ബുർഹാൻ പൂരിലേക്ക് യുദ്ധത്തിന് പോകുന്ന ചക്രവർത്തിയെ മുംതാസും അനുഗമിച്ചു. പൂർണ ഗർഭിണിയായിരുന്നു. വഴിക്ക് വച്ച് അവസാനത്തെ കുട്ടിക്ക് ജന്മം നല്കവേയാണ് മരണപ്പെട്ടത്. ബുർഹാൻ പൂരിലെ സൈനി ഉദ്യാനത്തിലാണ് അന്ന് മറവ് ചെയ്തത്. ഷാജഹാന്റെ ദു;ഖത്തിന് അതിരുണ്ടായില്ല. അദ്ദേഹം ഒരു വർഷം വീട്ടിന് പുറത്തിറങ്ങിയില്ലത്രേ. പിന്നെ കാണുമ്പോൾ ആ മുഖത്ത് വാർധക്യം ചാലിട്ടിരുന്നു. നരച്ച തലയും വളഞ്ഞ മുതുകും ഷാജഹാനെ പറെറ വൃദ്ധനാക്കിയിരുന്നു. മുംംതസിന്റെ മൃത ദേഹം ഖബറിൽ നിന്ന് പുറത്തെടുത്ത് ഒരു സ്വർണ പേടകത്തിലാക്കി മകൻ ഷൂജ ആഗ്രയിലേക്ക് കൊണ്ട് വന്നു. അവിടെ യമുനാ തീരത്തെ ഒരു കെട്ടിടത്തിനകത്ത് സംസ്കരിച്ചു. ആ കെട്ടിടമാണ് താജ് മഹലായി മാറിയത്. താജ് മഹലിന്റെ താഴെ നിലയിൽ മുംതാസും ഷാജഹാനും അന്ത്യ വിശ്രമം കൊള്ളുന്നു. മുകൾ ഭാഗത്ത് അതേ മാതൃകയുണ്ടാക്കിയത് കൂടുതൽ അലങ്കരത്തിന് വേണ്ടിയാണ്. അവിടെ മുത്തും രത്നവുമൊക്കെ പതിച്ചത് ബ്രിട്ടീഷുകാർ കട്ടോണ്ട് പോയി. ദൈവത്തിന്റെ തൊണ്ണൂററി ഒമ്പത് നാമങ്ങളും അവിടെ കൊത്തി വച്ചിരിക്കുന്നു.

**എന്തിനായിരുന്നു താജ് മഹൽ?**

ഒരു ചോദ്യം ഇവിടെ ബാക്കി നില്ക്കുന്നു. എന്തിനാണ് രാജ്യത്തെ മുക്കിപ്പിഴിഞ്ഞ് പാവങ്ങളെ പട്ടിണിക്കിട്ട് ഇങ്ങനെയൊരു സൗധം പണിതത്? താജിനായി പണം ഇങ്ങനെ വാരിക്കോരുമ്പോൾ മുഗൾ പ്രവിശ്യകളിൽ അന്നത്തിന് വകയില്ലാതെ ജനം പട്ടിണി കിടന്ന് മരിക്കുകയായിരുന്നു. ഗുജറാത്തിൽ മനുഷ്യർ ശവങ്ങൾ തിന്ന് വിശപ്പകററിയെന്ന് ചരിത്രകാരൻമാർ. ഡക്കാനിലിരുന്ന് എല്ലാം നോക്കിക്കണ്ട മകൻ അവ്റംഗസേബ് ഇത് കണ്ട് സഹിക്ക വയ്യാതെയാണ് പിതാവിൽ നിന്ന് അധികാരം പിടിച്ചെടുത്തത്. അപ്പോഴും താജ്മഹൽ കോംപ്ലക്സിനകത്ത് യമുനാ നദിക്കക്കരെ മറെറാരു ചുവന്ന സൗധം സംവിധാനി ക്കുകയായിരുന്നു പിതാവ്. രാജ്യത്തിന്റെ നാനാ ഭാഗത്തും ജനം പട്ടിണി തിന്ന് മരിക്കുന്നത് ഷാജഹാനും സുഖലോലുപവനായ മൂത്ത സഹോദരൻ ദാരയും കണ്ടില്ല. അവ്റംഗസേബാണ് ഈ ഭ്രാന്തിന് ചങ്ങലയിട്ടത്. അദ്ദേഹം പിതാവിന് താജ്മഹൽ കൺകുളുർക്കെ കാണാൻ കൊട്ടാരത്തിൽ തന്നെ സൗകര്യമൊരുക്കി. പിതാവിന്റെ സംരക്ഷണ ച്ചുമതല ഇഷ്ട മകളായ ജഹാൻ ആരയെ ഏല്പിച്ചു. രാജ്യത്തെ നിർമാണങ്ങളെല്ലങ്ങം നിറുത്തി വച്ചു. പണം പ്രവിശ്യകളിലേക്ക് അയച്ച് പട്ടിണിക്കറുതി വരുത്തി. എന്നിട്ടും അവ്റംഗസേബ് പിതാവിനെ തടവിലിട്ടു എന്ന ഇംഗ്ലീഷുകാരുടെ വ്യാജ പ്രചാരണങ്ങളെ താലോലിക്കുകയാണ് ചരിത്രകാരൻമാർ. എന്തൊക്കെയായാലും താജ് മഹൽ ഇന്നൊരു യാഥാർഥ്യമാണ്. ഇന്ത്യയുടെ ഐശ്വര്യവുമാണത്. അതിനെ തമസ്കരിക്കുന്നത് ഏററവും വലിയ ദേശ ദ്രോഹമാണ്. മുസ്ലിം സ്മാരകങ്ങളെ തമസ്കരിച്ചാൽ അത് രാജ്യ സ്നേഹമാണെന്ന് പ്രചരിപ്പിക്കുന്നവർ ആദ്യം മനുഷ്യ സ്നേഹം പഠിക്കട്ടെ.